പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8065 — 17.07.2014-ൽ മറുപടിക്ക്

## 2012-13, 2013-14 വർഷങ്ങളിൽ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം മുഖേന ചെലവഴിച്ച തുക

**ചോദ്യം**

ശ്രീ. കെ. അജിത് :

(എ) 2012-13, 2013-14 വർഷങ്ങളിൽ സംസ്ഥാനത്ത് എൻ.ആർ.എച്ച്.എം. വഴി എന്തു തുക അനുവദിച്ചുവെന്നും ഇതിൽ എത്ര തുകയാണ് സംസ്ഥാനം ചെലവഴിച്ചതെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) 2012-13, 2013-14 വർഷങ്ങളിൽ സംസ്ഥാനത്ത് ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം മുഖേന ലഭിച്ച തുക താഴെ പറയുന്നു.

| വർഷം | സംസ്ഥാനത്തിന് ലഭിച്ച തുക (രൂപ കോടിയിൽ) |
|---|---|
| 2012-13 | 196.87 |
| 2013-14 | 240.05 (എൻ.ആർ.എച്ച്.എം) |
| | 13.6 (എൻ.യു.എച്ച്.എം) |

ജില്ല തിരിച്ച് 2012-13, 2013-14 വർഷങ്ങളിൽ സംസ്ഥാനത്ത് ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം മുഖേന ചെലവഴിച്ച തുക താഴെ പറയുന്നു.

| ജില്ലകൾ | 2012-13 (രൂപ ലക്ഷത്തിൽ) | 2013-14 ആഡിറ്റ് പൂർത്തീകരിച്ചിട്ടില്ല (രൂപ ലക്ഷത്തിൽ) |
|---|---|---|
| തിരുവനന്തപുരം | 2546.37 | 2523.66 |
| കൊല്ലം | 1970.95 | 1802.47 |
| പത്തനംതിട്ട | 954.34 | 963.16 |
| ആലപ്പുഴ | 1475.18 | 1601.88 |
| കോട്ടയം | 1195.93 | 1365.54 |
| ഇടുക്കി | 1301.62 | 1190.74 |
| എറണാകുളം | 2556.45 | 2434.15 |

(.....2)

| | | |
|---|---|---|
| തൃശ്ശൂർ | 1845.41 | 1856.02 |
| പാലക്കാട് | 1869.72 | 1994.42 |
| മലപ്പുറം | 2564.53 | 2462.65 |
| കോഴിക്കോട് | 1859.73 | 2054.26 |
| വയനാട് | 1189.11 | 1243.75 |
| കണ്ണൂർ | 1754.59 | 1897.16 |
| കാസർഗോഡ് | 1697.12 | 1369.53 |
| ഹെഡ്ക്വാർട്ടേഴ്സ് ആസ്ഥാനം / ഹെഡ്ഡാഫീസ് മുഖ്യാന്തിരം | 11316.28 | 7652.26 |
| **ആകെ തുക** | **36097.33** | **32411.65** |

(ബി) എൻ.ആർ.എച്ച്.എം. ഫണ്ട് പ്രധാന മായും ഏത് മേഖലകളിലാണ് ചെല വഴിക്കുന്നതെന്നും നിർമ്മാണ ആവ ശ്യങ്ങൾക്ക് എൻ.ആർ.എച്ച്.എം. ഫണ്ട് എത്ര ശതമാനം ചെലവഴിക്കു ന്നതെന്നുംവ്യക്തമാക്കുമോ ;

(ബി) പ്രധാനമായും താഴെ പറയുന്ന പദ്ധതികൾക്ക് വിനിയോഗിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

1. മാതൃ ആരോഗ്യ പദ്ധതി
2. ജനനി സുരക്ഷാ യോജന
3. മാതൃമരണ ആഡിറ്റ് നടപ്പാക്കുക
4. ജനനി ശിശു സുരക്ഷാ കാര്യക്രമം
5. നവജാത ശിശുക്കളുടെ സ്ക്രീനിംഗ് പ്രോഗ്രാം
6. ശിശു ആരോഗ്യ പദ്ധതി
7. വിദ്യാലയ ആരോഗ്യ പദ്ധതി
8. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം
9. ഇമ്മ്യൂണൈസേഷൻ
10. കുടുംബക്ഷേമ പദ്ധതി
11. കൗമാര ആരോഗ്യ പദ്ധതി
12. നഗരമേഖലയിലെ പ്രജനന ശൈശവ ആരോഗ്യ പദ്ധതി
13. ആദിവാസി മേഖലയിലെ ആരോഗ്യ പദ്ധതി
14. പി.എൻ.ഡി.ടി. ആക്ട് നടപ്പാക്കുക
15. ആരോഗ്യ പരിശീലനം
16. ആരോഗ്യ മേഖലയിലെ മാനവശേഷി വികസനം
17. അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തക (ആശ) പദ്ധതി

18. ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രം പ്രാഥമിക ആരോഗ്യ കേന്ദ്രം, ഉപകേന്ദ്രം എന്നിവയ്ക്ക് ഉപാധിരഹിത ഫണ്ട്
19. ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രം പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവയ്ക്ക് ആശുപത്രി നിർവ്വഹണ സമിതി ഗ്രാന്റ്
20. ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രം പ്രാഥമിക ആരോഗ്യ കേന്ദ്രം, ഉപകേന്ദ്രം എന്നിവയ്ക്ക് അറ്റകുറ്റപണികൾക്കുള്ള ഗ്രാന്റ്
21. ആശുപത്രികളുടെ നവീകരണവും കെട്ടിട നിർമ്മാണവും
22. ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ
23. ആശുപത്രികളിൽ ക്വാളിറ്റി അഷ്വറൻസ് പദ്ധതി നടപ്പാക്കുക
24. ആയുഷ് പദ്ധതി
25. ആരോഗ്യ ബോധശീലവത്ക്കരണ പ്രവർത്തനങ്ങൾ
26. പദ്ധതികളുടെ മേൽനോട്ടവും അവലോകനവും
27. ആരോഗ്യ വിവര ശേഖരണ പദ്ധതി (എച്ച്.എം.ഐ.എസ്)
28. റേഡിയോ ഹെൽത്ത്

ആകെ എൻ.ആർ.എച്ച്.എം. പദ്ധതി തുകയുടെ ഏകദേശം 15 ശതമാനം ഫണ്ട് നിർമ്മാണ നവീകരണ പദ്ധതികൾക്ക് ഉപയോഗിക്കാറുണ്ട്.

| | |
|---|---|
| (സി) എൻ.ആർ.എച്ച്.എം. ഫണ്ട് സംസ്ഥാനത്ത് ചെലവഴിക്കുന്നതിന്റെ മേൽനോട്ടവും ചുമതലയും ആർക്കാണെന്നും വിശദമാക്കുമോ ? | (സി) സംസ്ഥാനത്ത് എൻ.ആർ.എച്ച്.എം. -ന്റെ മേൽനോട്ടവും ചുമതലയും സംസ്ഥാന മിഷൻ ഡയറക്ടർക്കാണ്. |

സെക്ഷൻ ഓഫീസർ